വൈദ്യുതി ബോർഡ് വാങ്ങിയ കടം തിരിച്ചടവ്

57 [2046] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡ് വിവിധ സ്ഥാപനങ്ങളിൽ നിന്നും കടം എടുത്ത തുക തിരിച്ചടവ് നൽകുന്നതിനുള്ള കാലാവധിയും മറ്റു വിവരങ്ങളും വിശദമായി വെളിപ്പെടുത്താമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വൈദ്യുതി ബോർഡിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിംഗ്

58 [2047] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സുധാകരൻ:
,, ഇ. എം. അഗസ്തി:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഒരു വിജിലൻസ് വിംഗ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) അതിന്റെ ഘടന എന്താണെന്ന് വെളിവാക്കുമോ;

(സി) ഈ വിംഗ് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര കേസുകൾ പിടിച്ചിട്ടുണ്ട്;

(ഡി) ഇതിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലേക്കുള്ള എത്ര ഉദ്യോഗസ്ഥൻമാർ പ്രതികളായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് വിംഗിൽ വിജിലൻസ് വകുപ്പിൽ നിന്ന് ഒരു പോലീസ് സൂപ്രണ്ടും രണ്ട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും ഒരു സബ് ഇൻസ്പെക്ടറും മൂന്ന് ഹെഡ് കോൺസ്റ്റബിളും അഞ്ച് കോൺസ്റ്റബിളും, ബോർഡിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് അസിസ്റ്റന്റ് എഞ്ചിനീയറും, സിവിൽ വിഭാഗത്തിൽ നിന്ന് രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ജോലി നോക്കുന്നു. വൈദ്യുതി മോഷണവും വൈദ്യുതിയുടെ അനധികൃതമായ ഉപയോഗവും ഫലപ്രദമായി തടയുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ആന്റി പവർ തെഫ്റ്റ് സ്കോഡ് ഇതിന്റെ ഒരു ഉപ വിഭാഗമാണ്.

(സി) ഈ വിംഗ് ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1658 കേസുകൾ പിടിച്ചിട്ടുണ്ട്.

(ഡി) 167 പേർ പ്രതികളായിട്ടുണ്ട്.

† അനുബന്ധം III കാണുക.

LIBRARY ARCHIVES Kerala Legislative Assembly